## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത്: സൂസൻ ഗോപി

വിഷയം:- വനം-വകുപ്പ് - ജീവനക്കാര്യം -ഫെയർ കോപ്പി സൂപ്രണ്ടിന്റെ സ്ഥലംമാറ്റം- സംബന്ധിച്ച്

സൂചന :- (1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 30-04-2019-ലെ ഇ2-4047/14 നമ്പർ ഉത്തരവ്.

(2) ശ്രീമതി.എ.എം.അനില, ഫെയർ കോപ്പിസൂപ്രണ്ട് 27-05-2019 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

### ഉത്തരവ് നമ്പർ ഇ2-4047/14തീയതി: 10-06-2019

വനം വകുപ്പിലെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ട് സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീമതി.എ.എം.അനിലയ്ക്ക് വനം വകുപ്പാസ്ഥാനത്ത് നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകിയിരുന്നു.

മേൽപ്പറഞ്ഞ ഉത്തരവിന്റെഅടിസ്ഥാനത്തിൽടിയാൾ 27-05-2019-ൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു.

കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ഫെയർകോപ്പി സൂപ്രണ്ടായി ജോലിചെയ്തിരുന്ന ശ്രീമതി.ശോഭന.റ്റി.ആർ 31-05-2019-ൽ സേവനത്തിൽ നിന്നും വിരമിച്ചിതിനെത്തുടർന്ന് ടിഓഫീസിലെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

മേൽപ്പറഞ്ഞ ഒഴിവിലേക്ക് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.എ.എം.അനില സൂചന (2) പ്രകാരം സ്ഥലംമാറ്റ അപേക്ഷ ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.എ.എം.അനില, ഫെയർകോപ്പി സൂപ്രണ്ടിനെ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ഫെയർകോപ്പി സൂപ്രണ്ടിന്റെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്

1. ശ്രീമതി.എ.എം.അനില ഫെയർകോപ്പി സൂപ്രണ്ടിന്
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച്സർക്കിൾ), കോട്ടയത്തിന്.
3. ഫെയർകോപ്പി സെക്ഷൻ
4. എച്ച് സെക്ഷൻ
5. സ്റ്റോക്ക് ഫയൽ.